**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **28-06-2022 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്ക് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതികശാസ്ത്ര വിജ്ഞാനത്തിൽ മികവ് കൈവരിച്ച് വൈദഗ്ധ്യവും അറിവും ഉല്പാദനക്ഷമത കൂടിയ തൊഴിൽ സൃഷ്ടിക്കായി വിനിയോഗിക്കാൻ ലക്ഷ്യമിടുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ രൂപപ്പെടുത്താൻ വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | സാങ്കേതികശാസ്ത്ര വിജ്ഞാനത്തിൽ മികവ് കൈവരിച്ച് ഉല്പാദനക്ഷമത കൂടിയ തൊഴിൽ സൃഷ്ടി ലക്ഷ്യമിടുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കൽ (CoE), അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് ആഗോളതൊഴിലിടങ്ങളിൽ അവസരങ്ങൾ കണ്ടെത്താനുള്ള സജ്ജീകരണം, എല്ലാ മേഖലകളിലും ഡിജിറ്റൽ പരിവർത്തനം, സംസ്ഥാനതലത്തിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം സൃഷ്ടിക്കൽ, വിജ്ഞാന വ്യവസായങ്ങൾ സ്ഥാപിക്കൽ, നോളജ് എക്കണോമിക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്നീ വ്യത്യസ്ത ഘടകങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | വിജ്ഞാന സമൂഹ നിർമ്മിതിക്കായി കെ-ഡിസ്ക് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | മികവിന്റെ കേന്ദ്രങ്ങൾ (CoE) സൃഷ്ടിക്കാനുള്ള സർക്കാർ പദ്ധതികളിൽ പങ്കാളിത്തം, അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് 60 % കേരളത്തിനു പുറത്തും 40 % കേരളത്തിനുള്ളിലും തൊഴിൽ ലഭ്യമാക്കാനുള്ള പരിപാടി, സംസ്ഥാനതലത്തിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം സജ്ജമാക്കി വിവിധ മേഖലകളിൽ ഇന്നൊവേഷൻ പ്രോൽസാഹിപ്പിക്കൽ എന്നീ വിഭാഗങ്ങളിലാണ് വിജ്ഞാന സമൂഹ നിർമിതിക്കായുള്ള കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ. |
| (സി) | വരുന്ന നാല് വർഷം കൊണ്ട് ഏഴ് ലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിക്ക് വ്യവസായികളുടെ സംഘടനയുമായി കെ-ഡിസ്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇതുവഴി | (സി) | വരുന്ന നാല് വർഷങ്ങൾ കൊണ്ട് 5 ലക്ഷം പേർക്ക് നേരിട്ടും 2 ലക്ഷം പേർക്ക് റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് (RTD) എന്ന നൂതന മാതൃകയിൽ തൊഴിൽ നൽകുന്നതിനുമായി ദേശീയതലത്തിലുള്ള |

| | | | |
|---|---|---|---|
| | ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | | വ്യവസായസംരംഭങ്ങളുടെ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് (സി.ഐ.ഐ)യുമായി ചേർന്നാണ് കെ-ഡിസ്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. തൊഴിലിൽ സാമാന്യശേഷിയുള്ള ആളുകളെ തെരഞ്ഞെടുത്ത് സവിശേഷയോഗ്യതകളിൽ കൂടുതൽ പരിശീലനം നൽകി വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവരെ നിയമിക്കുന്ന രീതിയാണിത്. വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലനമാണ് ഇതിന്റെ പ്രത്യേകത. കേരളത്തിലും, ദേശീയവും അന്തർദേശീയവുമായുള്ള തൊഴിൽ അവസരങ്ങൾ സി.ഐ.ഐ നാൾക്കുനാൾ നോളഡ്ജ് മിഷൻ പോർട്ടലിൽ കൊണ്ടു വരുന്നുണ്ട്. പുരോഗതി അവലോകനം ചെയ്യുന്നതിനായി ആഴ്ചതോറും അവലോകന യോഗം നടത്തി വരുന്നുണ്ട്. റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് മാതൃകയിൽ തൊഴിൽ അന്വേഷകരെ അവരുടെ അഭിരുചി പരിശോധനയ്ക്ക് ശേഷം അവരുടെ നൈപുണ്യവിടവ് കണ്ടെത്തി നൈപുണ്യ ശേഷി വർദ്ധിപ്പിക്കുകയും അതുവഴി തൊഴിൽ നൽകുകയും ചെയ്യുന്നു. |
| (ഡി) | ഡിജിറ്റൽ ഇക്കോണമിയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡിജിറ്റൽ ഇക്കോണമിയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വർക് ഫ്രം ഹോം<br>2. വർക് നിയർ ഹോം<br>3. ഡേറ്റ കമ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ<br>കേരള നോളഡ്ജ് എക്കണോമിക് മിഷൻ (കെ കെ ഇ എം) വഴി സ്കിൽസ് പാർക്കുകൾ |

സെക്ഷൻ ഓഫീസർ